➩ *അൽ-അറേബ്യ പത്രമാണ് ഇക്കാര്യങ്ങളെല്ലാം ലോകത്തെ അറിയിച്ചത്* ➩

# സഭ്ഫ!

തങ്ങളുടെ കൂടെ നിൽക്കുന്ന ഒരംഗത്തോട് എത്രമാത്രം സ്നേഹവും കരുതലും കാണിക്കണമെന്നും പ്രതിസന്ധികളിൽ എങ്ങനെ ഒപ്പം നിൽക്കണമെന്നും ക്രിസ്ത്യൻ 'സഭ്ഫ'യിൽ നിന്നും പഠിക്കേണ്ടതുണ്ടെന്ന് കൊട്ടിയൂർ സംഭവം ബോധ്യപ്പെടുത്തുന്നില്ലേ...!

**എസ്. നാരായണൻ**

**മാർച്ച്** രണ്ടിന് ആണ് അത് സംഭവിച്ചത്. ഇസ്ലാമിക് സ്റ്റേറ്റ് (ഐ.എസ്) തലവൻ അബൂബക്കർ അൽ ബാഗ്ദാദി ഇറാഖിൽ തോൽവി സമ്മതിച്ച് പിൻവാങ്ങി. കാര്യങ്ങളെല്ലാം വ്യക്തമാക്കി അദ്ദേഹം വിടവാങ്ങൽ പ്രസംഗം നടത്തി. ഐ.എസ് അംഗങ്ങളെ നിയന്ത്രിക്കുന്ന ഓഫീസുകൾക്ക് പ്രവർത്തനം അവസാനിപ്പിക്കാൻ നിർദ്ദേശം കൊടുത്തു. മൂന്ന് കാര്യങ്ങളാണ് ഐ.എസ് ഭീകരർക്ക് ഇനി ചെയ്യാനുള്ളതെന്നാണ് ബാഗ്ദാദി അഭിപ്രായപ്പെട്ടിരിക്കുന്നത്. 1. സ്വന്തം നാടുകളിലേക്ക് മടങ്ങുക. 2. സ്വയം സ്ഫോടനം നടത്തി ചാവേറുകളാവുക. 3. ഇറാഖിലേയും സിറിയയിലേയും മലനിരകളിലേക്ക് പിൻവാങ്ങി ഒളിച്ചിരിക്കുക. ഇറാഖ് ടെലിവിഷൻ ശൃംഖലയായ അൽ-സുമാരിയയെ ഉദ്ധരിച്ച് ഈജിപ്തിലെ അൽ-അറേബ്യ പത്രമാണ് ഇക്കാര്യങ്ങളെല്ലാം ലോകത്തെ അറിയിച്ചത്.

യു.എസ് അടക്കമുള്ള വിദേശ രാജ്യങ്ങളുടെ സഹായത്തോടെ ഇറാഖ് സൈന്യം നടത്തുന്ന ശക്തമായ ആക്രമണത്തിന് മുന്നിൽ പിടിച്ചുനിൽക്കാൻ കഴിയാതെ വന്നതോടെയാണ് ഇത്തരത്തിലുള്ള നിലപാട് കൈക്കൊണ്ടതെന്ന് റിപ്പോർട്ടുകളിൽ കാണുന്നു. ശക്തമായ ആക്രമണത്തെ ചെറുത്ത് നിൽക്കാൻ കഴിയാതെ ഐ.എസ് ഇറാഖിലെ വടക്കൻ മൊസ്യൂളിൽ മാത്രമായി ഒതുങ്ങിപ്പോയിരുന്നു.

ഐ.എസ് പിരിച്ചുവിട്ടു എന്നുപോലും ചില കോണുകളിൽ നിന്നും വാർത്ത വന്നതോടെ പിൻമാറ്റത്തിനുള്ള കാരണം ആക്രമണഭീതി മാത്രമാകാൻ സാദ്ധ്യതയില്ലെന്നാണ് അന്താരാഷ്ട്ര രംഗത്തെ നയതന്ത്ര പ്രതിനിധികൾ ഉറപ്പിച്ചുപറയുന്നത്. അടിസ്ഥാനശിലകളെ തന്നെ ഇളക്കുന്ന തരത്തിലുള്ള ഏതോ ആന്തരിക പ്രതിസന്ധി ഐ.എസിനെ ബാധിച്ചിട്ടുണ്ടെന്ന ആശയം നയതന്ത്രരംഗത്തെ പ്രമുഖർ പങ്കുവയ്ക്കുകയുണ്ടായി.

ഐ.എസ് വൈകാതെ തന്നെ പിരിച്ചുവിടാൻ സാധ്യതയുണ്ടെന്നും അതിന് കാരണം കേരളത്തിൽ നിന്നും കഴിഞ്ഞ ഒരാഴ്ചയായി പുറത്തുവരുന്ന റിപ്പോർട്ടുകളാണെന്നും ചില രാഷ്ട്രീയ നിരീക്ഷകർ ചൂണ്ടിക്കാണിക്കുന്നുണ്ട്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള ഐ.എസ് തീവ്രവാദികളായ ഒരുകൂട്ടം ചെറുപ്പക്കാർ കേരളത്തിൽ നിന്നുള്ള പത്രറിപ്പോർട്ടുകളുടെ ഫോട്ടോസ്റ്റാറ്റ് കോപ്പികളുമായി അബൂബക്കർ അൽ ബാഗ്ദാദിയെ അദ്ദേഹത്തിന്റെ ഓഫീസിൽ ചെന്ന് കണ്ടുവെന്നും അവിടെവച്ച് വലിയ വാഗ്വാദം നടക്കുകയുണ്ടായെന്നും സ്ഥിരീകരിക്കാത്ത റിപ്പോർട്ടു

➯ പള്ളി തന്നെ നടത്തുന്ന കൊക്കിലങ്ങാടി ക്രിസ്തുരാജ ആശുപത്രിയിൽ കൊണ്ടുപോയി പ്രസവം നടത്തി➯


ഫാദർ റോബിനെ പോലീസ് അറസ്റ്റ് ചെയ്യുന്നു

കൾ ഇപ്പോഴും വന്നുകൊണ്ടിരിക്കുകയാണ്.

മതത്തിന് വേണ്ടി സ്വയം പൊട്ടിത്തെറിച്ച് ചാവേറുകളായി മരിച്ചാൽ അവർക്ക് സ്വർഗ്ഗത്തിൽ എത്തുമ്പോൾ ഭീകരവാദി ഒന്നിന് 72 ഹൂറികളെ വീതം ലഭിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നാണ് ഐ.എസിന്റെ നേതൃത്വം നൽകിയിരിക്കുന്ന ഓഫർ. കൊട്ടിയൂർ ഇടവകയിലെ വികാരി റോബിൻ വടക്കുംചേരി ഈ ഭൂമിയിൽ വച്ച് തന്നെ അനുഭവിക്കുന്ന സുഖസൗകര്യങ്ങളുമായി തുലനം ചെയ്യുമ്പോൾ 72 ഹൂറികളുടെ ഓഫർ നിസ്സാരത്തിൽ നിസ്സാരം മാത്രമാണെന്നാണ് തീവ്രവാദി യുവാക്കൾ വാദിക്കുന്നത്. നൂറിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതലയാണ് ഫാദർ റോബിന് ക്രിസ്ത്യൻ പള്ളി ഏൽപ്പിച്ചുകൊടുത്തിരിക്കുന്നത്. മാത്രവുമല്ല പള്ളി നടത്തുന്ന പത്രത്തിന്റെയും ചാനലിന്റെയും തലപ്പത്തുതന്നെ അദ്ദേഹത്തിന് സ്ഥാനമുണ്ട്. സ്ത്രീകളുമായി ബന്ധപ്പെട്ട നിരവധി ആരോപണങ്ങൾ തുടർച്ചയായി അദ്ദേഹത്തിനെതിരെ വന്നുകൊണ്ടിരുന്നപ്പോഴും പള്ളി അതൊന്നും മുഖവിലയ്ക്കെടുത്ത് അദ്ദേഹത്തെ ബുദ്ധിമുട്ടിച്ചില്ലെന്നും പനപോലെ വളരാൻ അനുവദിക്കുകയായിരുന്നു എന്നും അവർ തെളിവുകൾ സഹിതം വാദിച്ചു.

തങ്ങളുടെ കൂടെ നിൽക്കുന്ന ഒരംഗത്തോട് എത്രമാത്രം സ്നേഹവും കരുതലും കാണിക്കണമെന്നും പ്രതിസന്ധികളിൽ എങ്ങനെ ഒപ്പം നിൽക്കണമെന്നും ഐ.എസ് നേതൃത്വം ക്രിസ്ത്യൻ പള്ളിയിൽ നിന്നും പഠിക്കണമെന്ന് അവർ ആവശ്യപ്പെടുന്നു.

കൊട്ടിയൂർ ഇടവകയിലെ പതിനാറുകാരി പെൺകുട്ടിയെ ഗർഭിണിയാക്കിയ വികാരതരളിതനെ പൊന്നുപോലെയാണ് പള്ളി സംരക്ഷിച്ചതെന്ന് തെളിവുകൾ നിരത്തി അവർ ബാഗ്ദാദിയെ ബോധിപ്പിച്ചു.

ഫാദർ റോബിനെ ചോദ്യം ചെയ്യുകയോ പുറത്താക്കുകയോ ശിക്ഷണ നടപടികൾ എടുക്കുകയോ പോലുള്ള മനുഷ്യത്വരഹിതമായ ഒരു നീക്കവും പള്ളി ചെയ്തില്ല. ഒരു കുട്ടി ഗർഭിണിയായാൽ എന്താണോ വേണ്ടത് അതെല്ലാം വളരെ ഭംഗിയായി ചെയ്തു. പള്ളി തന്നെ നടത്തുന്ന കൊക്കിലങ്ങാടി ക്രിസ്തുരാജ ആശുപത്രിയിൽ കൊണ്ടുപോയി പ്രസവം നടത്തി. അവിടുത്തെ ഗൈനക്കോളജിസ്റ്റ് ഡോ. സിസ്റ്റർ ടെസ്സി ജോസും പീഡിയാട്രീഷൻ ഡോ. ഹൈദരലിയും അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ആൻസി മാത്യുവും എല്ലാക്കാര്യങ്ങളും ഭംഗിയായി നിർവഹിച്ചു.

പ്രസവിച്ചാൽ മാത്രം പോരല്ലോ. കുട്ടിയെ താമസിപ്പിക്കുകയും വേണം. അതിനും പള്ളിയുടെ തന്നെ എത്രയോ അനാഥാലയങ്ങൾ കിടക്കുന്നു! ഇരിട്ടി ക്രിസ്തുദാസ് കോൺവെന്റിലെ സിസ്റ്റർ അനീറ്റയുടെ കാറിൽ ശിശുവിനെ വയനാട്ടിലുള്ള വൈത്തിരിയിലെ ഹോളി ഇൻഫന്റ് മേരി അനാഥശാലയിൽ എത്തിച്ചു. കാറിൽ സിസ്റ്റർ ലിസ് മരിയയും വൈദികന്റെ സഹായിയായ തങ്കമ്മയും ഒപ്പം കയറി. വൈത്തിരി ഹോളി ഇൻഫന്റ് മേരി അനാഥമന്ദിരം സൂപ്രണ്ട് സിസ്റ്റർ ഒഫീലിയ ശിശുവിനെ ദയാപൂർവ്വം ഏറ്റുവാങ്ങി. പിറന്നുവീണ ആൺകുഞ്ഞിന് അമ്മയുടെ മു

ലപ്പാൽ പോലും കൊടുക്കാതെയാണ് ജില്ല കടത്തിയത്. അത് സിസ്റ്റർമാരുടെ കാര്യശേഷിയേയും മനുഷ്യത്വത്തേയുമാണ് കാണിക്കുന്നത്. ആ പെൺകുട്ടിയുടെ ഭാവിജീവിതത്തെപ്പറ്റി പള്ളി നേതൃത്വം ഉത്കണ്ഠാകുലരായിരുന്നു.

ചെയ്ത പ്രവർത്തികളെല്ലാം നിയമവ്യവസ്ഥയ്ക്ക് എതിരായിരുന്നു എന്നത് ശരിയാണ്. നിയമം നിയമത്തിന് വേണ്ടിയല്ലല്ലോ. നിയമം മനുഷ്യന് വേണ്ടിയാണ് എന്നാണ് പള്ളി വിശ്വസിക്കുന്നത്. അതുകൊണ്ടാണ് വയനാട് ജില്ലാ ശിശുക്ഷേമ സമിതി ചെയർമാൻ ഫാദർ തോമസ് ജോസഫ് തേരകവും ശിശുക്ഷേമ സമിതി അംഗം സിസ്റ്റർ ബെറ്റിയും ഈ കാര്യത്തിൽ ഒരു നിയമത്തേയും ഇടവകയുടെ പടിപോലും കടക്കാൻ അനുവദിക്കാതിരുന്നത്.

പെൺകുട്ടിയുടേത് ദരിദ്ര കുടുംബം ആയതിനാൽ അവരും പള്ളിയുടെ സംരക്ഷണയിലാണ്. പത്ത് ലക്ഷം രൂപയും വീടും അവർക്ക് സ്നേഹപൂർവ്വം നൽകി. അതിന് തിരികെ ആവശ്യപ്പെട്ടതോ വളരെ ചെറിയ ഒരു സഹായം മാത്രം. പെൺകുട്ടിയുടെ ഗർഭത്തിന് ഉത്തരവാദി ആരെന്ന് ചോദിക്കുന്നവരോട് വൈദികന്റെ പേര് പറയരുത്, പകരം തന്റെ മകളുടെ ഗർഭത്തിന് താനാണ് ഉത്തരവാദി എന്ന് സ്വന്തം പിതാവ് തന്നെ പറഞ്ഞാൽ മതി. പത്ത് ലക്ഷം രൂപയും വീടും കൊടുത്തിട്ട് ചെറിയൊരു കാര്യം മാത്രം ആവശ്യപ്പെടുന്ന ഈ സദ് പ്രവൃത്തിയെപ്പോലും ചോദ്യം ചെയ്യുന്ന സമൂഹത്തിന്റെ ധാർമ്മിക അധഃപതനത്തെപ്രതി പള്ളിക്കുണ്ടായ നടുക്കം ഇപ്പോഴും വിട്ടുമാറിയിട്ടില്ല.

പള്ളിയുടെ സ്കൂളിൽ പഠിക്കുന്ന 16 വയസ്സായ പെൺകുട്ടിയെ 48 വയസ്സായ പള്ളി വികാരി ഗർഭിണിയാക്കുകയും കുട്ടി പ്രസവം അടുക്കുന്നതുവരെ സ്കൂളിൽ വരുകയും പള്ളി ഇടവകയിൽ ജീവിക്കുകയും പള്ളിയുടെ ആസ്പത്രിയിൽ പ്രസവിപ്പിക്കുകയും പള്ളിയുടെ അനാഥാലയത്തിൽ ശിശുവിനെ പാർപ്പിക്കുകയും പള്ളിയുടെ പത്ത് ലക്ഷം രൂപ കൊടുത്ത് ശിശുവിന്റെ പിതൃത്വം കുട്ടിയുടെ ദരിദ്ര പിതാവിനെക്കൊണ്ട് ഏറ്റെടുപ്പിക്കുകയും ചെയ്തിട്ടും വൈദികനെതിരെ ഒരു നടപടിയും എടുക്കാതെ, അജ്ഞാത ഫോൺ സന്ദേശത്തെ തുടർന്ന് എല്ലാം തുറന്നുകാണിക്കപ്പെട്ടപ്പോൾ മാത്രം, 'ഏത് അന്വേഷണത്തോടും സഹകരിക്കും' എന്ന് പറഞ്ഞ നിമിഷത്തിൽ സഭ എന്ന വാക്ക് സഭ്ഫ എന്ന് രൂപാന്തരം പ്രാപിച്ച് ഉയിർത്തെഴുന്നേറ്റു.

വാർത്ത പുറത്തുവന്നതിൽ സഭ്ഫയ്ക്ക് വേവലാതിയൊന്നുമില്ല. ഒരു രാഷ്ട്രീയ പാർട്ടിയും സഭ്ഫ പറയുന്നത് വിട്ടുനീങ്ങില്ല. ഒരു പത്രവും വഴിവിട്ട് എഴുതുകയുമില്ല. അതൊക്കെ നിർത്തേണ്ടിടത്ത് നിർത്തുന്ന വിദ്യ സഭ്ഫയ്ക്ക് അറിയാം. സൂക്ഷ്മദർശിനി വച്ചുനോക്കിയാലേ പത്രങ്ങളിൽ ഈ വാർത്ത കാണുകയുള്ളൂ. വാർത്ത ചെറിയ തോതിലെങ്കിലും പുറത്തുവന്ന സ്ഥിതിക്ക് ഗവൺമെന്റിന് ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ എന്തെങ്കിലും ചെയ്തേ പറ്റൂ എന്ന് സഭ്ഫയ്ക്കുമറിയാം. എന്നുവച്ച് മുട്ടാളന്മാരായ പോലീസുകാർക്ക് പൂവൻപഴം പോലുള്ള വൈദീകരേയും കന്യാസ്ത്രീകളെയും വിട്ടുകൊടുക്കാൻ പറ്റുമോ? പ്രതികളായ കന്യാസ്ത്രീകളിൽ കുറേപ്പേരെ ചികിത്സയ്ക്ക് അയച്ചു. കുറേപ്പേരെ ധ്യാനം കൂടാൻ വിട്ടു. കന്യാസ്ത്രീകൾ ഒളിവിലാണ് എന്നത് സഭാ വിരോധികൾ പറഞ്ഞു പരത്തുന്നതാണ്. ഫാദർ റോബിനെ കാനഡയ്ക്ക് അയയ്ക്കാൻ വേണ്ടി നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ കൊണ്ടുവിടാൻ ഏർപ്പാടുണ്ടാക്കി. ഫാദർ പല കാര്യങ്ങൾക്കായി കയറ്റിവിട്ട മുന്നൂറോളം യുവതികൾ കാനഡയിൽ ഉണ്ട്. അവിടെയാകുമ്പോൾ അദ്ദേഹത്തിന് കമ്പനിക്കും ബുദ്ധിമുട്ടേണ്ടിവരില്ല. കണക്കുകൂട്ടലുകൾ എല്ലാം ശരിയായിരുന്നെങ്കിലും ചെറിയൊരു പിഴവുപറ്റിയതുകൊണ്ടാണ് വിമാനത്താവളത്തിലേക്കുള്ള യാത്രാമദ്ധ്യേ ഫാദർ റോബിൻ പോലീസിന്റെ പിടിയിലായത്. എങ്കിലും പേടിക്കാനൊന്നുമില്ല. ഡി.എൻ.എ ടെസ്റ്റ് ഒക്കെ വരുമ്പോഴല്ലേ.... കുട്ടിയെത്തന്നെ മാറ്റാനുള്ള നീക്കങ്ങളൊക്കെ അണിയറയിൽ നടക്കുന്നുണ്ട്. എല്ലാ വഴികളും അടയുകയും നിയമത്തിന്റെ കുരുക്ക് മുറുകുകയും ചെയ്താൽ, സംഭവം നിർഭാഗ്യകരമായി പോയെ

എല്ലാ വഴികളും അടയുകയും നിയമത്തിന്റെ കുരുക്ക് മുറുകുകയും ചെയ്താൽ, സംഭവം നിർഭാഗ്യകരമായി പോയെന്നും മാപ്പു ചോദിക്കുന്നെന്നും പറയാൻ ബിഷപ്പുമാർ തയ്യാറായി നിൽക്കുകയാണ്. അപ്പോഴും അതിലെ വരികളിൽ പെൺകുട്ടിയുടെ ദുഃഖത്തേക്കാൾ ഇടവകയ്ക്കുണ്ടായ അദ്ധ്യാത്മിക നഷ്ടത്തിനും ആത്മാഭിമാന ക്ഷതത്തിനും തന്നെയായിരിക്കും ഊന്നൽ.



ഫാദർ തോമസ് ജോസഫ് തേരകം

ന്നും മാപ്പു ചോദിക്കുന്നെന്നും പറ
യാൻ ബിഷപ്പുമാർ തയ്യാറായി
നിൽക്കുകയാണ്. അപ്പോഴും അതി
ലെ വരികളിൽ പെൺകുട്ടിയുടെ
ദുഃഖത്തേക്കാൾ ഇടവകയ്ക്കുണ്ടാ
യ അദ്ധ്യാത്മിക നഷ്ടത്തിനും ആ
ത്മാഭിമാന ക്ഷതത്തിനും തന്നെ
യായിരിക്കും ഊന്നൽ.


സഫ്ഭയ്ക്ക് ഒരു പ്രശ്നമുണ്ടാ
കുമ്പോൾ അതിന്റെ ചിന്തിക്കുന്ന
പിതാവായ ഫാദർ പോൾ തേല
ക്കാടിന് വെറുതെ ഇരിക്കാനാവില്ല.
ഭൂരിപക്ഷം വൈദികർക്കും ഉണ്ടാ
യിട്ടുള്ള ആത്മവേദനയെപ്പറ്റിയും
മാനഹാനിയെപ്പറ്റിയും അദ്ദേഹം
വേപഥു പൂണ്ട് എഴുതി ലക്കോട്ടി
ലാക്കി പത്രങ്ങൾക്ക് അയയ്ച്ചു
കൊടുത്തു. ആഗോളതലത്തിൽ
ആത്മീയതയെ ഉപഭോഗ സംസ്കാരം ആക്ര
മിക്കുന്നതിനെ അദ്ദേഹം കണക്കിന് ചീത്ത
പറഞ്ഞു. കുരിശിൽ മരിച്ചവൻ വിജയത്തി
ന്റെ ദൈവമല്ലെന്ന് അദ്ദേഹം എഴുതി. ഫാദർ
റോബിനും കൂട്ടരും പരാജിതനായ യേശുവി
ന്റെ പുതിയ പ്രതിനിധികളാണെന്ന് വായന
ക്കാർ മനസ്സിലാക്കി. അതിനുവേണ്ടി ഹെർ
മൻ ഹെസ്സേയേയും അദ്ദേഹത്തിന്റെ 'സി
ദ്ധാർത്ഥ'യേയും പോൾ റിക്കറേയും ടി.എ
സ്. എലിയറ്റിനേയും സോറൻ കീർക്ക്ഗാദി
നെയും ഫിലിപ്പ്.പി. ജെൻകിനേയും അദ്ദേ
ഹം ലക്കോട്ടിൽ പിടിച്ചിട്ടു. ആ ലക്കോട്ടിൽ
ഇല്ലാതിരുന്നത് പതിനാറുകാരി പെൺകുട്ടി
മാത്രമായിരുന്നു.

പ്രായപൂർത്തിയാകാത്ത കുട്ടികളെ
ലൈംഗികമായ അത്യാചാരങ്ങളിൽ നിന്നും
പീഡനങ്ങളിൽ നിന്നും രക്ഷിക്കുന്നതിനാണ്
പോക്സോ എന്ന നിയമം കൊണ്ടുവന്നത്.
കുറ്റം തെളിഞ്ഞാൽ 40 വർഷം വരെയാണ്
തടവ്. ഈ നിയമപ്രകാരം ഇ
പ്പോൾ വിചാരണ കാത്ത് ജാമ്യം
പോലും ലഭിക്കാതെ കണ്ണൂർ ജ
യിലിലാണ് വയനാട്ടിലെ രണ്ട് ആ
ദിവാസി യുവാക്കൾ. ഗൂഢാലോച
ന, തട്ടിക്കൊണ്ടുപോകൽ, പീഡ
നം, ഗർഭിണിയാണെന്ന് അറിഞ്ഞി
ട്ടും പീഡിപ്പിക്കൽ എന്നീ കുറ്റ
ങ്ങൾക്ക് പത്ത് വർഷം വീതം ആ
കെ 40 വർഷത്തെ ശിക്ഷയാണ്.
ഓരോ കുറ്റത്തിനും 10,000 രൂപ പി
ഴ വേറെയും അടയ്ക്കണം. പിഴ
അടച്ചില്ലെങ്കിൽ മൂന്ന് വർഷം തട
വ്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ



ഫാദർ പോൾ തേലക്കാട്

മതി. ആദിവാസികൾക്ക് ബാലാവകാശ നിയ
മങ്ങളെപ്പറ്റിയോ പോക്സോയെപ്പറ്റിയോ ഒ
ന്നുമറിയില്ല. ഊരുക്കൂട്ടം പറയുന്നപോലെ
മാതാപിതാക്കളുടെ സമ്മതത്തോടെ, ആചാ
രാനുഷ്ഠാനങ്ങൾ അനുസരിച്ച് വിവാഹിത
രായവരാണ് ജയിലിൽ ആക്കപ്പെട്ടവർ. പ്രായ
പൂർത്തിയാകാതെ വിവാഹം കഴിച്ച വിവരം
അറിഞ്ഞവർ പോലും മറച്ചുവയ്ക്കുന്നത്
പോക്സോ അനുസരിച്ച് കുറ്റകരമാണ്. അ
തുകൊണ്ട് ആദിവാസി ഊരുകളിലെത്തുന്ന
അംഗനവാടി ടീച്ചർമാർ അടക്കമുള്ള ഉദ്യോ
ഗസ്ഥർ അവരുടെ ജോലി സുരക്ഷിതത്വത്തി
ന്റെ കൂടി ഭാഗമായി ഇത്തരം കാര്യങ്ങൾ
ബാലാവകാശ കമ്മീഷനേയോ ശിശുക്ഷേമ
സമിതിയേയോ അറിയിക്കുന്നു. അവർ പോ
ലീസിന് റിപ്പോർട്ട് ചെയ്യുന്നു. പോലീസ് ചി
ല കാര്യങ്ങൾ അറിയാനാണെന്ന് പറഞ്ഞ്
യുവാക്കളെ സ്റ്റേഷനിലേക്ക് വിളിപ്പിക്കുന്നു.
അവിടെ നിന്നും ജയിലിലേക്കും. മാസം
തോറും ശമ്പളം എണ്ണി വാങ്ങുന്നതിനുള്ള
കൂറ് കാണിക്കാനും ട്രാക്ക് റിക്കോർഡ് പൊ
ലിപ്പിച്ചു കാട്ടാനുമാണ് അംഗനവാടി ടീച്ചറും
ബാലാവകാശ കമ്മീഷനും ശിശുക്ഷേമ സമി
തിയും പോലീസും ആദിവാസികളെ കുടു
ക്കിലാക്കി പിടിക്കുന്നത്. ഇത്തരത്തിൽ പ്രാ
യപൂർത്തിയാകുന്നതിന് മുമ്പ് നടത്തുന്ന,
ന്യൂനപക്ഷ മതങ്ങളിൽപ്പെട്ടവരുടേയോ
വി.ഐ.പികളുടേയോ മക്കളുടെ ആർഭാട വി
വാഹചടങ്ങുകൾക്ക് മന്ത്രിമാരും എം.എൽ.
എമാരും വരെ പങ്കെടുക്കുകയും ചെയ്യുന്നു.
കല്ല്യാണം കഴിച്ചതുകൊണ്ട് മാത്രം കേസിൽ
പ്പെട്ട ആദിവാസി പെൺകുട്ടികളെ നിർഭയ
യിലേക്കോ ഹോസ്റ്റലിലേക്കോ നിർബന്ധ
പൂർവ്വം മാറ്റും. കൂടുതൽ കുറ്റകൃത്യങ്ങൾ
ക്കോ പീഡനങ്ങൾക്കോ വശംവദരാകാതിരി
ക്കാൻ ആണെന്നാണ് അതിന് പറയുന്ന ന്യാ
യം. വീട്ടിലേക്ക് പോകണമെന്നും തന്നെ പീ
ഡിപ്പിച്ചിട്ടില്ലെന്നും കുഞ്ഞുണ്ടെന്നും, കോട
തിയോടും ഫാ. തേരകത്തോടും കരഞ്ഞു പ
റഞ്ഞിട്ടും പുനരധിവാസ കേന്ദ്രങ്ങളിൽ ത
ന്നെ അവരെ തള്ളുകയായിരുന്നു. രണ്ടര
ക്കൊല്ലമായിട്ടും ജാമ്യം കിട്ടാത്തവർ വരെയു
ണ്ട്. ഫാദർ റോബിൻ പീഡിപ്പിച്ച പെൺകുട്ടി
യുടെ വിവരം മറച്ചുവച്ചതിനും ഒതുക്കി
ത്തീർത്തതിനും ശിശുക്ഷേമ സമിതി ചെയർ
മാനായ ഫാദർ തേരകത്തിന് ഒരു ദിവസം
കൊണ്ടുതന്നെ ജാമ്യം ലഭിച്ചു. കൂട്ടുപ്രതിക
ളായ സിസ്റ്റർമാർ കേരള പോലീസിന് കണ്ടെ
ത്താനാകാത്ത സ്ഥലങ്ങളിൽ ഒളിച്ചുകളിക്കു
കയാണ്. 'കണ്ടേ...' എന്ന് പോലീസ് ആഴ്ച
കൾ കഴിഞ്ഞിട്ടും പറഞ്ഞിട്ടില്ല. ഇഷ്ടപ്പെട്ട




ഇണയുടെ കൂടെ ഒന്നിച്ച് ജീവിതം തുടങ്ങുന്നത് ആദിവാസികൾക്കിടയിൽ സർവ്വസാധാരണമാണ്. അതിന് മാലയിടലോ ഫോട്ടോ എടുക്കലോ ഒന്നും ഉണ്ടാകില്ല. തെളിവു ചോദിച്ചാൽ അവർ കൈമലർത്തും. തെളിവ് ഹാജരാക്കാത്തവരുടെ സ്ഥാനം ജയിലുതന്നെയാണ്. 'അറസ്റ്റും ജയിലും ആദിവാസിയെ സംബന്ധിച്ച് ബോധവത്കരണമാണ്' എന്നാണ് ഫാദർ തേരകം പറയാറുള്ളതെന്ന് വയനാട്ടിലെ പൊതുരംഗത്ത് പ്രവർത്തിക്കുന്നവർ പറയുന്നു. അതിശക്തമായ പോക്സോയോടു പോലും പോകാൻ പറയുന്ന ഫാദർ തേരകത്തോട് ഐക്യപ്പെടുന്നതുതന്നെയല്ലേ ഏറ്റവും സുരക്ഷിതം!

ഇഷ്ടപ്പെട്ട ഇണയുടെ കൂടെ ഒന്നിച്ച് ജീവിതം തുടങ്ങുന്നത് ആദിവാസികൾക്കിടയിൽ സർവ്വസാധാരണമാണ്. അതിന് മാലയിടലോ ഫോട്ടോ എടുക്കലോ ഒന്നും ഉണ്ടാകില്ല. തെളിവു ചോദിച്ചാൽ അവർ കൈമലർത്തും. തെളിവ് ഹാജരാക്കാത്തവരുടെ സ്ഥാനം ജയിലുതന്നെയാണ്. 'അറസ്റ്റും ജയിലും ആദിവാസിയെ സംബന്ധിച്ച് ബോധവത്കരണമാണ്' എന്നാണ് ഫാദർ തേരകം പറയാറുള്ളതെന്ന് വയനാട്ടിലെ പൊതുരംഗത്ത് പ്രവർത്തിക്കുന്നവർ പറയുന്നു.

ഫാദർ റോബിൻ വടക്കുംചേരി പോലീസുകാരുടെ നടുവിലൂടെ നടക്കുമ്പോഴും ജീപ്പിൽ കയറുമ്പോഴും സുസ്മേരവദനനായിരുന്നു. സഭയിലുള്ള അദ്ദേഹത്തിന്റെ വിശ്വാസമാണ് അത് കാണിക്കുന്നത്. (ഒരു 'ഫാദർ' ഇതല്ലാതെ വേറെ എന്നാ ചെയ്യണമെന്നാ? എന്നായിരിക്കാം അദ്ദേഹത്തിന്റെ മനസ്സിൽ). ഫാദർ റോബിനെ കാണിക്കുന്ന വാർത്തയ്ക്ക് ശേഷം ചാനൽ ചർച്ചകളിൽ നിരക്കുന്ന ളോഹയിട്ട ചരൽക്കുന്നനും മണൽക്കുന്നനും ചാണകക്കുന്നനും ചക്കരക്കുന്നനുമൊക്കെ വൈദികനുവേണ്ടി വാദിക്കുകയും ജയിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ജയിലുകൾ ഒഴികെ മറ്റെല്ലാ സൗകര്യങ്ങളും പള്ളിക്ക് സ്വന്തമായുണ്ട്. കരിങ്കൽ ക്വാറി പോലും ഉണ്ടെന്ന് കേൾക്കുന്നു. ഏറ്റവും വലിയ മെച്ചം, തലപ്പത്തുള്ളവർ വേദപുസ്തകത്തിന് നിരക്കാത്ത എന്തു ചെയ്താലും നേതൃത്വത്തെ ചോദ്യം ചെയ്യാത്ത, നാടകം കളിച്ചാൽ പോലും കുരിശുമെടുത്ത് തെരുവിലിറങ്ങുന്ന പരമമൂഢന്മാരായ വിശ്വാസി സമൂഹമാണ്. 1500ൽ അധികം അനാഥമന്ദിരങ്ങളും 3000ൽ അധികം ശിശുമന്ദിരങ്ങളും 10,000ൽ അധികം വൈദികരും 30,000ൽ അധികം കന്യാസ്ത്രീകളും എണ്ണിയാൽ ഒടുങ്ങാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും ദേവാലയങ്ങളും സ്വന്തമായ സഭയിൽ അംഗമായി, വോട്ടുബാങ്കു കാണിച്ച് രാഷ്ട്രീയ പാർട്ടികളെ കാവൽപ്പട്ടികളാക്കി നിർത്തി, അജഗണങ്ങളെ ആവശ്യംപോലെ ഉപയോഗിച്ച് ഈ ഭൂമിയിൽത്തന്നെ ഇഷ്ടത്തിനനുസരിച്ച് ജീവിക്കുന്നതിനേക്കാൾ എന്ത് മേന്മയാണ് ചാവേറായിപ്പൊട്ടിത്തെറിച്ച് സ്വർഗ്ഗത്തിൽ ചെന്നാൽ 72 ഹൂറിമാരെ കിട്ടുമെന്ന ഓഫറിനുള്ളത് എന്ന യുവതീവ്രവാദികളുടെ ചോദ്യത്തിന് മുന്നിൽ അബൂബക്കർ അൽ-ബാഗ്ദാദി ഒരു നിമിഷം പകച്ചുപോയി. ഇതൊക്കെ ഒറ്റപ്പെട്ട സംഭവങ്ങളാണെന്നും നിങ്ങൾ ഭൂമിയിലെ സ്വർഗ്ഗം മോഹിച്ച് യഥാർത്ഥ സ്വർഗ്ഗം നഷ്ടപ്പെടുത്തരുതെന്നും ബാഗ്ദാദി ആവതു പറഞ്ഞുനോക്കി. ഒരു യുവാവ്, പത്തിലധികം വൈദികരുടെ അസാന്മാർഗ്ഗിക കേളികളെപ്പറ്റി വിവരിച്ചിട്ടുള്ള 'ഔട്ട്ലുക്ക്' വാരികയുടെ ലക്കവും അഭയകേസിന്റെ രേഖകളും ബാഗ്ദാദിയെ ഏൽപ്പിച്ചു. അതിൽ കൊട്ടിയൂർ പീഡനക്കേസ് പുറത്തായതിനെ തുടർന്ന് 'സൺഡേ ശാലോം' എഴുതിയ എഡിറ്റോറിയലും ഉണ്ടായിരുന്നു.

"ഇവിടെ തെറ്റിൽ പങ്കുകാരിയായ കുട്ടിയുടെ പ്രായം 15ന് മുകളിലാണ്. എന്റെ മകളുടെ സ്ഥാനത്തുതന്നെ ആ കുട്ടിയെക്കണ്ട് പറയുകയാണ്, "മോളേ, നിനക്കും തെറ്റുപറ്റി, നാളെ ദൈവത്തിന്റെ മുന്നിൽ നീയായിരിക്കും ആദ്യം കുറ്റം ഏറ്റുപറയേണ്ടി വരിക. കുഞ്ഞേ, ഒരു വൈദികൻ ആരാണെന്ന് എന്തുകൊണ്ട് നീ മറന്നു? ഒരു വൈദികന്റെ വിശുദ്ധിയുടെ വില നമ്മുടെ ഈശോ മിശിഹായുടെ തിരുഹൃദയത്തോളം അമൂല്യമാണെന്ന് എന്തുകൊണ്ട് നീ അറിഞ്ഞില്ല? വൈദികനും ജഡികശരീരം ഉള്ള വ്യക്തിയാണ്. പ്രലോഭനങ്ങൾ സംഭവിക്കാവുന്നതാണ്. താൻ ആരാണെന്നും, ജീവിതം എന്തിനാണെന്നും അദ്ദേഹം കുറച്ചുനേരത്തേക്ക് ബോധപൂർവ്വമോ അല്ലാതെയോ മറന്നാൽ, വിശുദ്ധ കുർ

ബാനയിൽ ഈശോയെ സ്വീകരിച്ച എന്റെ കുഞ്ഞേ സ്നേഹത്തോടെയോ, കർക്കശമായോ ആ വൈദികനെ നിനക്ക് തിരുത്തിക്കൂടായിരുന്നോ? മുതിർന്നവരെയൊക്കെ അപ്പോൾ എങ്ങനെ മറക്കാൻ സാധിച്ചു? ഒരിക്കലും നിന്നോട് എനിക്ക് സഹതാപമില്ല മോളേ, പ്രാർത്ഥിക്കുന്നു.

തുറന്നുപറയുന്നതിൽ ക്ഷമിക്കേണമേ, ഇന്ന് എല്ലാവർക്കും അടിപൊളി കുർബാനയും അടിപൊളി അച്ചനും ഒക്കെയാണ് ഇഷ്ടം. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് നമ്മപ്പോലെയുള്ള പലരും ചേർന്ന് അടിച്ചുപൊളിച്ചു മനുഷ്യരൂപം പോലും അല്ലാത്ത അവസ്ഥയിലാക്കി ക്രൂശിലേറ്റിയ നമ്മുടെ ആത്മജനെ നാമിന്ന് പ്രഥമസ്ഥാനത്ത് കാണുന്നുണ്ടോ? ആ ഓർമ്മയുണ്ടെങ്കിൽ നാം പതറില്ല."

എഡിറ്റോറിയലിൽ വന്ന ഈ ഭാഗം വായിച്ചതോടെ ബാഗ്ദാദിക്ക് കാര്യങ്ങളുടെ കിടപ്പ് മനസ്സിലായി. തങ്ങൾ കഴുത്തറുത്ത് കൊല്ലുന്നതും സ്ഫോടനവസ്തുക്കളുമായി ആൾക്കൂട്ടത്തിലേക്ക് വണ്ടികയറ്റുന്നതും ഈ കൊല്ലാക്കൊലയേക്കാൾ എത്രയോ ഭേദമെന്ന് അദ്ദേഹത്തിന് തോന്നി. ഇനി സ്വർഗ്ഗത്തിലെ ഹൂറിമാരുടെ കഥയും പറഞ്ഞിരുന്നാൽ ഒറ്റ ചെറുപ്പക്കാരേയും തന്റെ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കാൻ കഴിയില്ലെന്ന് അദ്ദേഹത്തിന് പൂർണ്ണമായും ബോധ്യം വന്നു. ഇറാഖിലെ വടക്കൻ മൊസ്യൂളിൽ നിന്നും തടി കഴിച്ചിലാക്കാനെങ്കിലും പറ്റിയാൽ മതിയെന്നേ ഇപ്പോൾ അദ്ദേഹത്തിന് മോഹമുള്ളൂ. കേരളത്തിൽ നിന്നും കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഐ.എസ് തന്നെ പിരിച്ചുവിട്ട് ഈന്തപ്പന കൃഷിയോ ഒട്ടകത്തെ മേയ്ക്കുന്ന പണിയോ ചെയ്ത് ഇനിയുള്ള കാലം കഴിക്കണമെന്നാണ് അദ്ദേഹത്തിന്റെ ചിന്ത.

**വാൽക്കഷ്ണം:**

പഴയ ഒരു ബർണാഡ്ഷാ ഫലിതം.

വികാരിയച്ചന്റെ മരണത്തെത്തുടർന്ന് ശവസംസ്കാരത്തിനുള്ള പണത്തിന് വേണ്ടി ഇടവകക്കാർ നാട്ടിൽ പിരിവിനിറങ്ങി. ഓരോ വീട്ടിൽ നിന്നും ഓരോ പൗണ്ട് വീതമാണ് ചോദിക്കുന്നത്. നിരീശ്വരവാദിയും പള്ളിയിൽ പോകാത്തവനുമായ ഷായുടെ വീട്ടിലും അവർ കയറി. പള്ളിയുടെ പേര് പറഞ്ഞാൽ അര പൗണ്ട് പോലും കിട്ടില്ലെന്ന് അറിയാമെങ്കിലും വിവരം അറിയിക്കാമെന്നേ അവർ കരുതിയുള്ളൂ. ബർണാഡ്ഷാ അകത്തുപോയി തിരിച്ചുവന്നിട്ട് അവർക്ക് മൂന്ന് പൗണ്ട് കൊടുത്തു. "ഇത് മൂന്ന് പൗണ്ട് ഉണ്ട്. കഴിയുമെങ്കിൽ രണ്ടെണ്ണത്തിനെക്കൂടി സംഘടിപ്പിക്കൂ..." ■


**കേരളീയം പുസ്തകശാലയുടെ പുതിയ പുസ്തകം**

# 'മുറിവേറ്റ മലയാഴം'

**കേരളത്തിലെ പാറമടകൾ സൃഷ്ടിക്കുന്ന സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ**



**നബീൽ. സി.കെ.എം**

**വില: 150 രൂപ. പേജ്: 152.**

**കോപ്പികൾക്ക്: 04872421385, 9446586943**



STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

**JAAGRATHAYUDE KERALEEYAM**

(Form-1V)

| | |
|---|---|
| 1. Place of Publication | : Thrissur |
| 2. Periodicity of the Publication | : Monthly |
| 3. Printer's Name | : Sharat. S |
| Whether citizen of India | : Yes |
| Address | : Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 4. Publisher's Name | : Sharat. S |
| Whether citizen of India | : Yes |
| Address | : Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 5. Editor's Name | : Sharat. S |
| Whether citizen of India | : Yes |
| Address | : Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 6. Name and address of the individual who own the newspaper and partners or shareholders holding more than one percent of the total capital | : Sharat. S, Keraleeyam, Municipal Market Building, Kokkalai, Thrissur - 680 021 |

I, Sharat. S, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Publisher

1.03.2017